**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3975** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യവസ്തുക്കളുടെ പാക്കിങ്ങിൽ അളവ് തൂക്ക വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിസ്റ്റോർ, റേഷൻകടകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ പാക്കിംഗിൽ അളവ്, ഉല്പാദകന്റെ പേര് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്താറുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; വ്യക്തമാക്കാമോ; | (എ) | മാവേലി സ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെയും റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ആട്ടയുടെയും പാക്കിംഗിൽ അളവ്, ഉത്പാദകന്റെ പേര് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നുള്ളത് സപ്ലൈകോയുടെ ഗുണനിലവാര ഉദ്യോഗസ്ഥർ തുടങ്ങി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തിയാണ് വിതരണം നടത്തി വരുന്നത്. |
| (ബി) | കിറ്റുകളിലടക്കം വിതരണം ചെയ്യുന്ന പാക്കറ്റുകൾ അളവ് തൂക്ക നിയമപ്രകാരം ഇത്തരം നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ? | (ബി) | കിറ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള പായ്ക്കറ്റുകൾ അളവ് തൂക്ക നിയമപ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് സപ്ലൈകോയുടെ ഗുണനിലവാര ഉദ്യോഗസ്ഥർ തുടങ്ങി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തിയാണ് വിതരണം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ